

പാപി

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1981 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കെടാകുളത്തുനിന്നും
കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ നിന്നും
തൃശ്ശൂർ വരെ ഓരോ ശാസ്ത്രകലാ ജാഥകൾ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ ഒരു
വില്പാട്ടാണ് പാപി.

PAPI

Prof. S. Sivadas

Prepared by: M. S. Mohanan

Songs: A. K. Dinesh

Published in September 1981

Published and distributed by

Kerala Sastra Sahitya Parishad

Quilon 691013

Printed at: Swaraj Press&Publications, Trivandrum

Cover: Chandranandan

Price: Re 1–00

KSSP 177/81 SKJ_{14} FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

പാപി

ഗാനം:— വരികയാണു വരികയാണു വിശാല
കേരളം
അണിനിരന്നു നീങ്ങുമീ പ്രബു—
ദ്ധ കേരളം
എഴുതുവാനുമക്ഷരം പഠിക്കുവാ
നുമുള്ള ഭാവ—
മുണരണം ജനാധിപത്യ പൗരബോ—
ധമുയരണം
ഇതിനു ജാതി വൈരമില്ല തോഴ—
രേ സഖാക്കളേ
മതവിരോധശബ്ദമില്ലമാതൃഭൂമി
മക്കളേ
കൊടിപിടിച്ച കൈകളാ തമ്മി—
ലൊന്നുചേർന്നു ശക്തിയായ്
അണിയിൽവന്ന ചേരുവിൻ മഹാ—
ജന പ്രവാഹമേ........
(വരികയാണ്....)
ഇരുളടഞ്ഞൊരിന്ത്യയല്ല നാം കൊ—
തിച്ചതോർക്കണം

ഇവിടെയന്ധരന്ധരെ നയിക്കു–
വാൻ വിടില്ലിനി
വളരണം വിവേക രത്നഖനിപ്പി–
ടിച്ചെടുക്കുവാൻ
വരിക വരിക തോളുരുമ്മി തോ–
ളുരുമ്മി നീങ്ങണം
(വരികയാണ്....)

പറച്ചിൽ:– സുഹൃത്തുക്കളെ, ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത് ശാസ്ത്രവുമായി ബന്ധപ്പെട്ടൊരു കഥയാണ്.

ഒരാൾ:– ഓ....ശാസ്ത്രമാണോ? എന്നാൽ കേൾക്കണമെന്നില്ല.

മററൊരാൾ:– സാധാരണക്കാരായ ഞങ്ങൾക്കൊക്കെ എന്തോന്നു ശാസ്ത്രമാണാശാനേ? അതൊക്കെ പഠിച്ചവർക്കു പോരേ?

പറച്ചിൽ:– ഇതാണ് ഇന്നും പരക്കെയുള്ള ധാരണ. ''സാധാരണക്കാരന് ശാസ്ത്രമൊന്നും വേണ്ടാ. ഗവേഷകൻമാർക്കും ശാസ്ത്രജ്ഞൻമാർക്കുമേ അതു ഗുണം ചെയ്യൂ;'' ഞാൻ ചോദിക്കട്ടെ, മനുഷ്യചരിത്രം പരിശോധിച്ചാൽ ഇതിനു വിരുദ്ധമായല്ലേ കാണുന്നത്?, പണ്ട് ശാസ്ത്രം കൈകാര്യം ചെയ്തിരുന്നതാര്? വലിയ ഗവേഷകൻമാരായിരുന്നോ?

ഒരാൾ:– പിന്നെയാരാ?

ഗാനം:- ശിലായുഗത്തിലെ ഗുഹാമനു-
ഷ്യൻ
തീകത്തിച്ചതു ശാസ്ത്രം
ആധുനികോത്തര മനുഷ്യനിന്നോ
ചന്ദ്രനിലെത്താൻ ശാസ്ത്രം
ശാസ്ത്രമൊന്നേ സത്യം........
ശാസ്ത്രമൊന്നേ സത്യം....
ശാസ്ത്രമൊന്നേ സത്യം....

പറച്ചിൽ:- ഇന്ന് ശാസ്ത്രം ആരുടെ കൈകളിലെത്തി? കോടിക്കണക്കിനു പണം ശാസ്ത്രഗവേഷണത്തിനു നമ്മാം ചെലവിടുന്നു.

ഒരാം:- സാധാരണക്കാരൻെറ നികുതിപ്പണമല്ലേ ആശാനേ?

പറച്ചിൽ:- അതെ. അനുക്ഷണ വികസ്വരമായ ശാസ്ത്രത്തിൻെറ അൽഭുതസിദ്ധികൾ അപാരമാണ്. പക്ഷേ അത് ഇന്ന് ആര്, ആർക്കെതിരായി ഉപയോഗിക്കുന്നു?

ഒരാം:- എന്തായാലും സാധാരണക്കാർക്ക് നിങ്ങളുടെ ശാസ്ത്രം കൊണ്ട് വലിയ പ്രയോജനമൊന്നും കിട്ടുന്നില്ല.

പറച്ചിൽ:- അത് ശരിയാണ്. പക്ഷെ സുഹൃത്തേ, അതുമാത്രമല്ല ശരി, സാധാരണക്കാരനെ ചൂഷണം ചെയ്യുന്നതിന് ഇതേ

ശാസ്ത്രം ഇന്നൊരുപാധിയായിരിക്കയാണ്, ഈ ചതിയുടെ കഥയാണ് ഞാൻ പറയുവാൻ പോകുന്നത്.

ഒരാൾ:— ങാ....എന്നാലാകഥയൊന്നു കേൾക്കട്ടെ.

പറച്ചിൽ:— "ഈ ഭൂമിയിൽ ഒരു നരകമുണ്ടെങ്കിൽ അതിവിടെയാണ്. അതിവിടെയാണ്. അതിവിടെയാണ്."

ഒരാൾ:— ഇവിടെയോ? ദേ, അനാവശ്യം പറയരുത്.

പറച്ചിൽ:— സുഹൃത്തേ, ഇവിടെയല്ല. വരൂ ദാ...അവിടെ. ചന്ദ്രികയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കൂററൻ കെട്ടിടം. മുമ്പിൽ വൈദ്യുതദീപങ്ങളാൽ വെട്ടിത്തിളങ്ങുന്ന ആ ബോർഡൊന്നു വായിക്കൂ. 'മെഡിക്കൽകോളേജ്.'

ഒരാൾ:— ഓ....മെഡിക്കൽകോളേജ്!

പറച്ചിൽ:— നാട്ടിലെ സമുന്നതമായ ചികിത്സാകേന്ദ്രം. വേദനയുടേയും വേർപാടിൻേറയും ശബ്ദമല്ലാതെ മറെറാന്നും അവിടെ കേൾക്കാനാവില്ല.

ഗാനം:— രോദനമാണവിടെങ്ങും, ഹൃദയം—
ഭേദിക്കുന്ന വിലാപങ്ങൾ
വേദനകൊണ്ടു പിടഞ്ഞുമരിക്കും

രോഗാതുരരുടെ തേങ്ങലുകഠം
(രോദനമാണിവിടെങ്ങും....)

പറച്ചിൽ: ജനനം, മരണം, കണ്ണീര്, പുഞ്ചിരി എല്ലാമവിടെക്കാണാം. ഈ ലോകത്തിൻെറ തന്നെ ഒരു ചെറിയ പതിപ്പ്.

ഒരാഠം:— ആശാനേ, അകത്തേക്കു ഞാനില്ല. അകത്തു കടക്കണമെങ്കിൽ ആ ഗേററിൽ നിൽക്കുന്ന ആഠക്ക് ചെറിയൊരു കൈമടക്കു കൊടുക്കണം. അതൊരു ചടങ്ങാണ്.

മറെറാരാഠം:— ആശാനേ, ഒരു സംഭവം കേഠക്കണോ, ഞാൻ ഇന്നാളൊരുദിവസം എൻെറ ഭാര്യയേയുംകൊണ്ട് മെഡിക്കൽകോളേജിൽ ചെന്നപ്പോഠം ഒരു തൂണ് എൻെറ നേരെ കൈ നീട്ടുന്നു ! ഞാനാകെയങ്ങു ഭയന്നുപോയി!

പറച്ചിൽ:— ഇത്തരം ചടങ്ങുകളൊക്കെയുണ്ട്. അതല്ലേ ഞാൻ നേരത്തെ പറഞ്ഞത്. നല്ല ആളുകളും ചീത്ത ആളുകളുമുള്ള ലോകത്തിൻെറ ഒരു ചെറിയ പതിപ്പാണിതെന്ന്. ഇവിടെ കുഴപ്പം കാണില്ല. എൻെറ കൂടെ വരൂ. അതാ, അവിടെ ആ ഇടനാഴിയിലെ അരണ്ട വെളിച്ചത്തിൽ ഒരാഠം ഉലാത്തുന്നു. രോമാവൃതമായ മുഖം. തിളങ്ങുന്ന കണ്ണുകഠം. എന്തോ അഗാധമായ ചിന്തയിലാണയാഠം. ഡോ: റോയി.

ഒരാരം:- ആശാനേ ഭ്രാന്തനാണോ?

പറച്ചിൽ:- അല്ല, പക്ഷെ അയാളുടെ വേഷം കണ്ടാൽ അങ്ങനെ തോന്നും. ആളുകരം അദ്ദേഹത്തെ ഭ്രാന്തനെന്നു വിളിക്കുന്നു.

ഗാനം:- തന്തനായെന്തോതിരഞ്ഞു പിടി-
ക്കുവാൻ
ക്രാന്തദർശിത്വം സ്ഫുരിക്കും
മിഴിയുമായ്
ഏകാന്തവാസം നയിക്കുമീമർ-
ത്ത്യനെ
ഭ്രാന്തനെന്നത്രേ വിളിപ്പൂ സവി-
ധകർ
(താന്തനായെന്തോ....)

പറച്ചിൽ:- തെററി. ആളുകരംക്കുതെററി. ഡോക്ടർ റോയി ഭ്രാന്തനല്ല. അതിബുദ്ധിമാനാണയാരം.

ഒരാരം:- പിന്നെയെന്തിനാണ് അയാരം ഒററയ്ക്കിങ്ങനെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത്?

പറച്ചിൽ:- ശരി. നമുക്കു നോക്കാം. അദ്ദേഹമതാ ആ ഇടതുവശത്തുള്ള മുറിയിലേക്ക് കടന്നു. അവിടെ ബെഡിലൊരു രോഗി കിടക്കുന്നുണ്ട്. ഡോ: റോയി വളരെ നാളായി ബുദ്ധിമുട്ടി ഗവേഷണം ചെ

യ്ത് കണ്ടുപിടിച്ച ഒരു മരുന്ന് രക്താർബുദം ബാധിച്ച ആ രോഗിയിൽ പ്രയോഗിച്ചിരിക്കയാണ്. അൽഭുതമെന്നു പറയട്ടെ, മരണത്തിലേക്കു വഴുതി വീണു കൊണ്ടിരുന്ന ആ രോഗി ക്രമേണ രക്ഷപ്പെടുകയാണ്. ഓരോ പരിശോധന കഴിയുന്തോറും ഡോക്ടറുടെ മുഖത്ത് ആഹ്ലാദം തിരതല്ലുകയാണ്. അയാൾ അതാ ആനന്ദംകൊണ്ടു തുള്ളിച്ചാടുന്നു.

ഏതോ അനന്തമാം ആനന്ദധാരയിൽ
എല്ലാം മറന്നയാൾ നൃത്തമാടി
തന്നഭിലാഷമാം വല്ലരിയിൽ മൃത-
സഞ്ജീവനിതന്നെയുല്ലസിച്ചു.

പറച്ചിൽ;— റോയിയുടെ ചിരകാല സ്വപ്നം പൂവണിഞ്ഞിരിക്കുന്നു. നീണ്ട തപസ്യയുടെ പരിസമാപ്തി. കോടിക്കണക്കിന് രക്താർബുദരോഗികൾക്കു ഇനി ജീവൻ നഷ്ടപ്പെടില്ല.

ഒരാൾ:— നേരോ?

മറെറാരാൾ:— ഭ്രാന്തനെന്നു വിളിച്ചിരുന്ന ആളുകൾ അദ്ദേഹത്തെപൂവിട്ടു പൂജിക്കും.

പറച്ചിൽ:— പക്ഷേ അദ്ദേഹമെന്തു പറയുമെന്നോ?

ഈശ്വരനല്ല ഞാൻ മാന്ത്രികനല്ലഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമത്രേ.

പറച്ചിൽ:— ഈ സന്തോഷത്തിൽ പങ്കുചേ രാൻ ആരുമില്ലല്ലൊ? വീട്ടിലേക്കു പോ കാം. ഭാര്യ ലക്ഷ്മി കാത്തിരിക്കുന്നുണ്ടാ വും. പരിഭവിച്ചു കാത്തിരിക്കുന്ന അവ ളെ ഈസന്തോഷവർത്തമാനമറിയിക്കണം. പണ്ട് ആർക്കമെഡീസ് റോമൻ തെരുവീ ഥികളിൽ കൂടി അലറിപ്പാഞ്ഞോടിയതു പോലെ, ഡോക്ടർ റോയി വീട്ടിലേക്കു പാഞ്ഞു. വിജയശ്രീലളിതനായ ഒരു സ്പോർട്ട്സ്മാനെപ്പോലെ ഡോക്ടർ റോയ് ലക്ഷ്മിയുടെ മുമ്പിൽ തുള്ളിച്ചാടി.

ഗാനം:— ഏതോ അനന്തമാം ആനന്ദധാരയിൽ
എല്ലാം മറന്നയാരം നൃത്തമാടി.

തൻെറ പരുക്കൻ ഭർത്താവിനെന്തുപററി? ജീവിതത്തിൽ ആദ്യമായി എല്ലാംമറന്ന് അദ്ദേഹം തുള്ളിച്ചാടുന്നു. "പൊന്നേ നിങ്ങാക്കു ഭ്രാന്താണോ!" "അതേടീ എൻെറ ഭ്രാന്ത് ഇന്നു ഫലിച്ചിരിക്കുന്നു. രക്താർബുദം കൊണ്ട് ഇനി ഒരൊററ രോഗിയും മരിക്കില്ല. ഞാൻ ആ മരുന്നു കണ്ടുപിടിച്ചിരിക്കുന്നു." "ങേ നേരാണോ? നിങ്ങളീ രഹസ്യം പുറത്തുവിടരുത്. ഏതെങ്കിലും കമ്പനിക്ക്നിർമാണാവകാശം വിൽക്കണം." "എന്ത്! അതു പാടില്ല. കമ്പനിക്കാർ മരുന്നിന് കണത്തവില ഈടാക്കും. വർഷങ്ങളായി എ

ൻെറ രോഗികൾ നരകയാതന അനുഭവിക്കു ന്നു, അവരുടെ ജീവൻ ഇനി എൻെറ കയ്യിൽ സുരക്ഷിതമാണ്.'' ലക്ഷ്മിക്ക് പരിഭവമു ണ്ടായി. ഈ പരിഭവം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വർഷങ്ങളായി അവൾ പരാ തി പറയുന്നു. വീട്ടിലെ പ്രയാസങ്ങൾ അ വൾക്കല്ലേ അറിയൂ.

ഒരാൾ:— അതെന്താ?

പറച്ചിൽ:— ഡോക്ടർ ജയിംസിൻെറ കു ടുംബം എങ്ങനെയാണു കഴിയുന്നത്! ഡോ: കൃഷ്ണകുമാറിൻെറ കുട്ടികൾ രാജകുമാരൻ മാരെപ്പോലെ കാറിലാണ് സ്കൂളിൽ പോ കുന്നത്.

ഗാനം:— തൻമനം തടുക്കിലുമന്ത്യമാക്കു ചേ
ലൻെറ—
ധർമ്മദാരങ്ങൾ വിങ്ങിപ്പൊട്ടുക-
തന്നേ ചെയ്യു.

പറച്ചിൽ:— എങ്ങനെയാണവൾ വിങ്ങി പ്പൊട്ടിയതെന്നോ?

ഗാനം:- ആസിഡും ചൂടാക്കിക്കൊണ്ടിരു—
ന്നാൽ
ആരുണ്ടു വീട്ടിലെ കാര്യം— നോക്കാൻ?''

പറച്ചിൽ:— ഇന്നു പുതിയ മരുന്നു കണ്ടു പിടിച്ചിട്ടും സ്വന്തം കുടുംബത്തിൻെറ നിലനിൽപ്പിനുവേണ്ടി അതിൻെറ നിർ

ർമ്മാണാവകാശം വിൽക്കുവാൻ വിസമ്മതി ക്കുന്നു. "പാടില്ല ഏതെങ്കിലും കമ്പനി ക്കാർക്ക് പേററൻറു നൽകണം."

ഒരാൾ:— എന്തോന്നാ ആശാനെ പേററൻറ്?

പറച്ചിൽ:— അതോ, ഏതു മരുന്നു കണ്ടു പിടിച്ചാലും അതിൻെറ നടപടി ക്രമങ്ങ ളെല്ലാം കഴിഞ്ഞ് നിർമാണാവകാശം വിൽ ക്കും. കരാറ് ഒപ്പുവെച്ചാൽ പിന്നെ എല്ലാ അവകാശവും കമ്പനിക്ക്. മനസിലായോ? പിറേറന്ന്— പത്രത്തിൽ 'വെണ്ടയ്ക്ക'യിൽ വാർത്തുവന്നു. "രക്താർബുദത്തിന് അ ത്ഭുതമരുന്ന്—ഡോ: റോയിയുടെ കണ്ടു പിടിത്തം."

ഒരാൾ:— ഈ വാർത്ത പത്രക്കാർ തപ്പിയെ ടുത്തുകളഞ്ഞല്ലോ.

പറച്ചിൽ:— വാർത്തയും വായിച്ച് ചിന്താ ഗ്രസ്തനായി ചാരുകസേരയിൽ കിടക്കു കയാണ് ഡോക്ടർ. അപ്പോഴതാ ഭംഗിയാ യി വസ്ത്രധാരണം ചെയ്ത നാലു മാ ന്യൻമാർ അവിടേക്കുവന്ന് അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു. "ഡോക്ടർ നിങ്ങ ളോട് ഞങ്ങൾക്ക് രഹസ്യമായി ചില കാ ര്യങ്ങൾ സംസാരിക്കാനുണ്ട്. വിരോധമി ല്ലെങ്കിൽ അകത്തേക്കിരിക്കാം." "ആരാ

ണു നിങ്ങൾ?" "പറയാം. ആൽക്കെമിഎന്ന മെഡിക്കൽ കമ്പനിയെപ്പററി കേട്ടിട്ടില്ലേ. ആ കമ്പനിയുടെ ഇന്ത്യയിലെ ഡയറക്ടറാണു ഞാൻ. ഇവരൊക്കെ ഞങ്ങളുടെ കമ്പനിയിലെ ഉപദേഷ്ടാക്കളാണ്." ഡോക്ടർ അവരെ സ്വീകരിച്ച് അകത്തെ മുറിയിലിരുത്തി. കാര്യങ്ങൾ മണത്തറിഞ്ഞ ലക്ഷ്മി വാതലിൻെറ പിന്നിൽ മറഞ്ഞു നിന്ന് സംഭാഷണം ശ്രദ്ധിച്ചു.

ഒരാൾ:— അതുപിന്നെ സ്ത്രീകളുടെ സ്ഥിരം ഏർപ്പാടല്ലേ.

പറച്ചിൽ:— "ഡോക്ടർ, രക്താർബുദത്തിന് ഇന്ന് മാർക്കററിലുള്ളത് ഞങ്ങളുടെ കമ്പനിയുടെ ചില മരുന്നുകളാണെന്ന് താങ്കൾക്കറിയാമല്ലൊ. അവയെക്കാളൊക്കെ മെച്ചപ്പെട്ട ഒരു മരുന്നാണ് താങ്കൾ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നതെന്ന് ഞങ്ങൾക്കറിയാം, ന്യായമായ പ്രതിഫലം തന്ന് അതിൻെറ പേററൻറ് എടുക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. താങ്കൾ എന്തു പറയുന്നു?" ഡോക്ടറുടെ ഉള്ളിൽ ഒരു സംഘട്ടനം. ആദർശങ്ങളും ജീവിതയാഥാർത്ഥ്യങ്ങളും തമ്മിൽ—

ഗാനം:- മനസ്സാക്ഷി വിററു പണം
സ്വരൂപിച്ചൊരു

മണിമേട തീർത്തു രമിക്കണോ
ഞാൻ

മരണാനുഗചരരായാർത്തരായല
ക്കുന്ന–

മനുജർക്കു– ജീവിതമേകണമോ?

പറച്ചിൽ:– ഭാര്യ ലക്ഷ്മി ഡോക്ടറെ അക ത്തോട്ടുവിളിച്ചു. അവരം പറഞ്ഞു, "ഗവ ണ്മെൻറിനെ ആശ്രയിച്ച് എത്രനാരം ഗവേ ഷണം നടത്താൻ കഴിയും. പണം കിട്ടി യാൽ ആരെയും ആശ്രയിക്കാതിരിക്കാമ ല്ലോ. ഓഡിററ് ഒബ്ജക്ഷനുപോലും ആളുവരില്ല. നമ്മുടെ കുടുംബം രക്ഷപ്പെ ടും. കുട്ടികളുടെ ഭാവി സുരക്ഷിതമായി രിക്കും. കമ്പനി മരുന്ന് നിർമിക്കു മ്പോരം ലോകത്തെങ്ങുമുള്ള രോഗികരം രക്ഷപ്പെടില്ലേ." ലക്ഷ്മിയുടെ ഈ വാദ ഗതിയിൽ കഴമ്പുണ്ടെന്ന് ഡോക്ടർക്ക് തോന്നി.

ഒരാരം:– സ്ത്രീകളുടെ ബുദ്ധിയല്ലേ ബുദ്ധി!

പറച്ചിൽ:– "നിങ്ങരം എന്തു പ്രതിഫലം നൽകും?" ഭാര്യ ലക്ഷ്മി ഇടയിൽ കട ന്നു ചോദിച്ചു. "ഒരു കോടി ഡോളർ." "ഒരു കോടി ഡോളറൊ!!!." ലക്ഷ്മി

യും ഡോക്ടറും ഒപ്പം നടുങ്ങി. "ഞങ്ങൾ സമ്മതിച്ചിരിക്കുന്നു." ലക്ഷ്മിയാണത് കേറിപ്പറഞ്ഞത്. കമ്പനിക്കാർ എഴുതി തയ്യാറാക്കി കൊണ്ടുവന്ന പേററൻറിൽ ഡോക്ടർ അതാ ഒപ്പുവയ്ക്കുന്നു. അടുത്ത നൂറുവർഷത്തേക്ക് മരുന്നുണ്ടാക്കുവാനുള്ള അവകാശം ആൽക്കെമി കമ്പനി നേടിയെടുത്തിരിക്കുന്നു. ദിവസങ്ങൾക്കുള്ളിൽ ഡോക്ടർ റോയി കോടീശ്വരനായി. എയർക്കണ്ടീഷൻ ചെയ്ത ബംഗ്ളാവ്, കാറ്, വീട്ടിൽ ആകെ ഒരു മാററം. അദ്ദേഹം ഇപ്പോൾ മെഡിക്കൽകോളേജിലേക്ക് സ്വന്തം കാറിലാണ് പോകുന്നത്. ഇനി ആരുമദ്ദേഹത്തെ ഭ്രാന്തൻ ഡോക്ടർ എന്ന് വിളിക്കില്ല. ലക്ഷ്മി ഇപ്പോൾ മഹാലക്ഷ്മിയാണ്. കുട്ടികളൊക്കെ രാജകുമാരന്മാർ തന്നെ!

ഗാനം:— മലരണിക്കാട്ടിലെ പൂവുകൾ തൻ—

തലമുറയെത്രയോ വാടിവീണു!
അനുരാഗഗാഥകൾ മൂളി മൂളി
വനഗംഗ പിന്നെയും പാഞ്ഞൊഴുകി.

പറച്ചിൽ:— ഡോക്ടർ റോയിയുടെ സന്തു

ഷ്ടജീവിതം ഏറെനാൾ നീണ്ടുനിന്നില്ല. മെഡിക്കൽ കോളേജിൽ ധാരാളം രോഗികൾ രക്താർബുദം ബാധിച്ച് നിത്യേന എന്നവണ്ണം മരിക്കുന്നു! തൻെറ മരുന്ന് അവരുടെ മേൽ പ്രയോഗിക്കാനാവുന്നില്ല.

ഒരാൾ:— അതെന്താ കാരണം.

പറച്ചിൽ:— മരുന്നിതുവരെ പുറത്തുവന്നിട്ടില്ല. കമ്പനിക്ക് പല പ്രാവശ്യം കത്തുകളയച്ചു. ഓരോ സാങ്കേതിക കാരണങ്ങൾ പറഞ്ഞുള്ള മറുപടിയാണ് കിട്ടിയത്. ഡോക്ടറുടെ ക്ഷമ നശിച്ചു. ഒരു ദിവസം തൻെറ സ്വകാര്യ മുറിയിലിരിക്കുമ്പോൾ അവിടേയ്ക്ക് ഒരു സ്ത്രീ കടന്നുവന്നു.

ഒരാൾ:— ങേ....സ്ത്രീയോ?

പറച്ചിൽ:— അതെ, അവൾ കരഞ്ഞുകൊണ്ട് ദ്ദേഹത്തോടെന്തോ പറയുന്നുണ്ട് "ഡോക്ടർ നിങ്ങളെൻെറ ഭർത്താവിനെ കൊന്നില്ലേ? നിങ്ങൾക്ക് പണം തരാഞ്ഞിട്ടല്ലേ? നിങ്ങളദ്ദേഹത്തെ രക്ഷിക്കുമെന്നു കരുതിയല്ലേ ഞങ്ങളവിടെ വന്നത്. എൻെറ ഭർത്താവിനെ നിങ്ങൾ മരിക്കാനനുവദിച്ചു. ഞങ്ങൾ വലിയ തുക തരാഞ്ഞിട്ടല്ലേ? എന്നെക്കൂടി കൊല്ലൂഡോക്ടർ."

രക്താർബുദം ബാധിച്ചു മരിച്ച രോഗിയുടെ ഭാര്യയായിരുന്നു ആ സ്ത്രീ. ഡോക്ടറുടെ മനസ്സൊന്നു പിടഞ്ഞു.

ഗാനം:— ഈ വിശ്വതലത്തിൻെറ കർമ്മമേഖ—
ലകളിൽ
ജീവിതം നോവുമ്പോളെന്നാത്മാ—
വുനൊന്തിടുന്നു.
സ്നേഹിക്കയില്ല ഞാൻ, നോവു—
മാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാ—
സ്ത്രത്തെയും.

പറച്ചിൽ:— കൺമുമ്പിൽക്കിടന്ന് രോഗികൾ മരിക്കുന്നു. എത്രനാളിതു കണ്ടു സഹിക്കും. ആയിടയ്ക്ക് അതു സംഭവിച്ചു. ഡോക്ടറുടെ ഭാര്യ ലക്ഷ്മിക്ക് രക്താർബുദം. അപ്രതീക്ഷിതമായ ആഘാതം. നിസ്സഹായനായി നോക്കി നിൽക്കാൻ കഴിയില്ലല്ലോ. മരുന്നിനിയും പുറത്തു വന്നിട്ടില്ല. കമ്പനിക്കാർക്ക് കമ്പിയടിച്ചു. മറുപടിയും വന്നു. ഡോക്ടറെയും കുടുംബത്തേയും നഗരത്തിലേക്ക് ക്ഷണിക്കുന്നു. പ്ളെയിൻ ടിക്കററുപോലും അയച്ചുകൊടുത്തിരിക്കുന്നു. ഒട്ടും അമാന്തിച്ചില്ല. ഡോക്ടർ പി

റോന്നുതന്നെ യാത്രയായി. വിമാനത്താവളത്തിൽത്തന്നെ കമ്പനിയുടെ ആളുകഠം കാത്തുനിൽക്കുന്നു. നഗരത്തിലെ ഏററവും വലിയ ഹോട്ടലിൽ ഡോക്ടർക്കുവേണ്ടിമുറിയെടുത്തിട്ടുണ്ട്. "അപ്പോളെൻെറ മരുന്നിൻെറ കാര്യം." "യാത്രാക്ഷീണം മാറട്ടെ നാളെ സംസാരിക്കാം." അവർ പോയി. പിറേറന്നു രാവിലെ തന്നെ മാനേജിംഗ് ഡയറക്ടറും കൂട്ടരും എത്തി. "എന്താണെൻെറ മരുന്നു പുറത്തിറക്കാത്തത്? മെഡിക്കൽകോളേജിൽ എത്രയോ രോഗികഠം നിത്യേന മരിക്കുന്നു." "ശാന്തനാകൂ മിസ്ററർ റോയി. താങ്കഠംക്കെന്താണിത്ര പരിഭ്രമം?" "പരിഭ്രമം! എൻെറ ഭാര്യയ്ക്കുപോലുംരക്താർബുദം. ഞാനെങ്ങനെ സഹിക്കും?" "നിങ്ങഠംക്ക് കിട്ടേണ്ട പണം മുഴുവൻ ഞങ്ങഠം തന്നില്ലേ? പിന്നെ മരുന്നിൻെറ കാര്യം; അത് കമ്പനി തീരുമാനിക്കും." "എൻെറ മരുന്ന് എപ്പോഠം പുറത്തിറങ്ങുമെന്ന് ഞാനറിയേണ്ടേ?" "ഡോക്ടർ, ഞങ്ങഠം തെളിച്ചു പറഞ്ഞേക്കാം. താങ്കളുടെ മരുന്ന് അടുത്ത നൂറുവർഷത്തേക്ക് ഞങ്ങഠം പുറത്തിറക്കുകയില്ല." "ങേ! എൻെറ മരുന്ന് പുറത്തിറക്കുകയില്ലെന്നോ?" "ക്ഷോ

ഭിക്കാതെ പറയുന്നത് മുഴുവൻ കേൾക്കൂ. ഇത് ഞങ്ങളുടെ കമ്പനിയുടെ ബിസിനസ് സീക്രട്ടാണ്. ഇപ്പോൾ മാർക്കററിലുള്ള, ഞങ്ങളുടെ കമ്പനിയുടെ നാലു മരുന്നുകളിൽ നിന്ന് പ്രതിവർഷം നാനൂറുകോടി ഡോളറാണ് കമ്പനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. അതില്ലാതാക്കാൻ ഞങ്ങൾ കൂട്ടുനിൽക്കുമോ? താങ്കളെ വേണമെങ്കിൽ ഞങ്ങളുടെ കമ്പനിയുടെ റിസർച്ച് വിഭാഗത്തിൽ നിയമിക്കാം. പക്ഷെ കമ്പനിയുടെ പുരോഗതിക്കുവേണ്ടിയായിരിക്കണം ഗവേഷണം, മനസിലായില്ലേ?'' ''മനസ്സിലായി, എല്ലാം മനസ്സിലായി. ഞാനൊരു വിഢിയാണെന്നും മനസ്സിലായി. അല്ല; പാപിയാണ്. ആയിരക്കണക്കിന് മനുഷ്യജീവൻ വെള്ളിക്കാശിനുവിററ ജൂദാസാണുഞാൻ. എന്റെ രോഗികകളുടെ ആർത്തനാദങ്ങൾ ഇനിയും ഞാൻ കേൾക്കണമോ?

ഗാനം:— മനസാക്ഷി വിററു പണം സ്വരൂ—
പിച്ചൊരു
മണിമേട തീർത്തുരമിക്കണോ—
ഞാൻ
മരണാനുഗഛരായാർത്തരായല—
യുന്ന
മനുജർക്കു ജീവനമേകേണമോ?

പറച്ചിൽ:— മടങ്ങിവന്ന ഡോക്ടർ തൻെറ ഗവേഷണകേന്ദ്രം തല്ലിത്തകർത്തു.

ഒരാൾ:— ങേ, അയാൾക്കു ഭ്രാന്തുപിടിച്ചോ?

പറച്ചിൽ— പഴയ പേരിന്നന്വർത്ഥമാണ് ഇന്നദ്ദേഹം യഥാർഥ ഭ്രാന്തനാണ്. ഒരു ഗവേഷകൻെറ ദുരന്തം. ഇങ്ങനെ എത്രയെത്ര ഗവേഷകൻമാർ; ബുദ്ധിജീവികൾ.. സുഹൃത്തുക്കളേ കണ്ടുപിടുത്തം മാത്രമല്ല. തലച്ചോറുപോലും വിലക്കു വാങ്ങാനാളുണ്ട്. ഭരണാധികാരികളെ വിലക്കു വാങ്ങുന്നു. ശാസ്ത്രം തടവിലാണ്. നമ്മൾ തടവിലാണ്. നാമെന്തു കഴിക്കണമെന്നും എങ്ങനെ ജീവിക്കണമെന്നും മരിക്കണമെന്നു പോലും അവർ തീരുമാനിക്കുന്നു. ഇതനുവദിക്കാമോ?

ഗാനം:— വിശ്വസംസ്ക്കാരപാലകരാകും—
വിജ്ഞരെ യുഗം വെല്ലുവിളിപ്പൂ
ആവുമോ ഭവാൻമാർക്കു തിരു—
ത്താൻ ക്രൂരസാമൂഹ്യദുർന്നിയമങ്ങൾ
സ്നേഹ സുന്ദരപാതയിലൂടെ
വേഗമാവട്ടെ, വേഗമാവട്ടെ
വേഗമാവട്ടെ, വേഗമാവട്ടെ
(വിശ്വസംസ്ക്കാര പാലകരാകും....)

★